വിതരണം ചെയ്യുന്ന അരിയുടെ വിൽപ്പനയിൽ കുറവുണ്ടായിട്ടുണ്ട്. എ.പി.എൽ. അരിക്ക് കേന്ദ്രം അനുവദിക്കുന്ന സബ്സിഡിയുടെ നിരക്ക് ഗണ്യമായി കുറയ്ക്കുകയും വില 8.90 രൂപയായി നിജപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം ഭക്ഷ്യധാന്യങ്ങളുടെ വില കൂടുതൽ, കാർഡുടമകൾ ആഗ്രഹിക്കുന്ന ഗുണനിലവാരമുള്ള അരിയുടെ അഭാവം എന്നിവയാണ് എ.പി.എൽ. അരിയുടെ ചെലവ് കുറയാനുള്ള കാരണം.

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഡ്രൈവർ തസ്തികയിലെ നിയമനം

73 [2823] *ശ്രീ. കെ. രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഇപ്പോൾ താൽക്കാലിക ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാരെ ഒഴിവാക്കി പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

നടപടി സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ഡ്രൈവർ തസ്തികയിലുള്ള ഒഴുവുകളിലേക്ക് നിയമനം നടത്തുന്നതിനായി കെ.പി.എസ്.സി. യിൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. (എസ്.സി.-5, എസ്.റ്റി-3) ഈ തസ്തികയിലേക്ക് 2-4-2005-ൽ എഴുത്തു പരീക്ഷ നടത്തിയിട്ടുണ്ട്. കെ.പി.എസ്.സി. യിൽനിന്ന് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണം

74 [2824] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly